LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗവേഷണവും സ്പോർട്സും യുവജനതയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. എം. എ. വാഹിദ് പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുകയാണ്. നാഷണൽ ഗെയിംസ് നടത്തിയതോടുകൂടി ദേശീയ തലത്തിൽ കേരളത്തിന്റെ കായികക്ഷമതയെക്കുറിച്ചും ഗെയിംസ് നടത്തിപ്പിലുള്ള ശ്രദ്ധയെക്കുറിച്ചും ഇന്ത്യയൊട്ടാകെ നല്ല അഭിപ്രായമാണ് ഉയർന്നുവന്നിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും ഒളിമ്പിക് പ്രവർത്തനങ്ങളുമൊക്കെ ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ടാലന്റിനെ വളരെ നന്നായി പ്രശംസിച്ചിട്ടുണ്ട്. കേരളത്തിൽ സ്പോർട്സ് സർവ്വകലാശാല വേണമെന്നത് നമ്മൾ അനാദിയായി ആവശ്യപ്പെട്ടിരുന്ന കാര്യമാണ്. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ വന്ന സന്ദർഭത്തിൽ അദ്ദേഹവുമായി ചില കാര്യങ്ങളെക്കുറിച്ച് സംസാരിക്കാനും സാധിച്ചിരുന്നു. ഇപ്പോൾ ശ്രീ. എം. എ. വാഹിദ് എൻ.എൻ.സി.ഇ.ബി. കേന്ദ്രീകരിച്ച് സർവ്വകലാശാല വേണമെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. എൻ.എൻ.സി.ഇ.ബി. കേരള ഗവൺമെന്റിനുകീഴിലുള്ളതല്ല. അത് SAI-യുടെയും കേന്ദ്ര ഗവൺമെന്റിന്റെയും അധീനതയിലുള്ള പ്രദേശമാണ്. അതുകൊണ്ട് കായിക യൂണിവേഴ്സിറ്റി എന്നത് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് കേരളത്തിന് കായിക യൂണിവേഴ്സിറ്റി ആവശ്യമാണെന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തോട് ഗവൺമെന്റ് പൂർണ്ണമായി യോജിക്കുകയാണ്.

(4) മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ

ശ്രീ. പി. ബി. അബ്ദുൾ റസ്സാക്: സർ, വിഷയം മേശപ്പുറത്തിൽ ഉൾപ്പെടുത്തിയ മഞ്ചേശ്വരത്തിന്റെ സപ്ലിമെന്ററിയായിരുന്ന മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിന് ഈ സർക്കാർ 2013 ഏപ്രിലിൽ ഭരണാനുമതി നൽകുകയുണ്ടായി. സർക്കാരിന്റെയും പ്രത്യേകിച്ച് വകുപ്പുമന്ത്രിയുടെയും ആത്മാർത്ഥമായ സഹകരണത്തിന് നന്ദി അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ടെണ്ടർ നടപടി പൂർത്തിയാക്കുകയും ബഹുമാനപ്പെട്ട മന്ത്രി തറക്കല്ലിടുകയും ചെയ്തു. നിർഭാഗ്യവശാൽ ടെണ്ടർ എടുത്ത വ്യക്തി മരണപ്പെടുകയും പ്രവൃത്തി ആരംഭിക്കാതെ നിന്നുപോവുകയുമാണുണ്ടായത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശക്തമായ ഇടപെടലിനെത്തുടർന്ന് റീടെണ്ടർ നടത്തുകയും ടെണ്ടർ നടപടി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ഇനിയും പ്രവൃത്തി ആരംഭിക്കാത്ത സ്ഥിതിയിലേക്ക് എത്തിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ആയതിനാൽ എത്രയുംവേഗം മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന് 75 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 48 കോടി 80 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ 490 മീറ്റർ നീളത്തിലും 530 മീറ്റർ നീളത്തിലും രണ്ട് പുലിമുട്ടുകൾ, 100 മീറ്റർ നീളത്തിൽ വാർഫ്, 600 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ ലേലപ്പുര, ഡ്രെഡ്ജിംഗ്, റെക്ലമേഷൻ, അപ്രോച്ച് റോഡ്, പാർക്കിംഗ് ഏരിയ, വിശ്രമമുറി, നെറ്റ് വൈൻഡിംഗ് ഷെഡ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുതലായ പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, ഡ്രെഡ്ജിംഗ്, റെക്ലമേഷൻ, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയ എന്നി പ്രവൃത്തികൾക്ക് 33.48 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി ഇ-ടെണ്ടർ മുഖേന പ്രീ-ക്വാളിഫിക്കേഷൻ ഡോക്യുമെന്റ് ക്ഷണിക്കുകയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അനുമതി ലഭ്യമാക്കുകയും M/s ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനിക്ക് 21-2-2014 ൽ സെക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ ഈ കമ്പനിയുടെ മാനേജിംഗ് പാർട്ണർ എം. കുഞ്ഞുമോന്റെ ഹാജി 3-12-2013-ന് മരിച്ചതിനെത്തുടർന്ന് കരാറിലേർപ്പെടുന്നതിനുള്ള കാലാവധി നീട്ടി നൽകാൻ കുടുംബാംഗങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ പിൻവലിച്ചുനൽകിയ കാലാവധിക്കുള്ളിലും ഡോക്യുമെന്റ് കരാറിൽ ഏർപ്പെടാത്തതിനാൽ പുനർ ഡോക്യുമെന്റ് ക്ഷണിക്കുന്നതിന് നിർദ്ദേശം ലഭിച്ചതനുസരിച്ച് പുനർഡോക്യുമെന്റ് ക്ഷണിക്കുകയും 16.79 ശതമാനം അധിക നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുന്ന വിഷയം ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയുടെ പരിഗണനയിലുമാണ്. പിന്നീട് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ടെണ്ടർ കമ്മിറ്റി ഇത് അംഗീകരിച്ച് ഈ ആഴ്ചതന്നെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന് കാലതാമസമുണ്ടായതിനാലാണ് ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാവുന്നതാണ്. ടെണ്ടർ എടുത്ത കോൺട്രാക്ടറുടെ അകസ്മികമായ നിര്യാണത്തെത്തുടർന്ന് കുടുംബത്തിന്റെ പല പ്രശ്നങ്ങൾ കാരണം കുടുംബാംഗങ്ങൾക്ക് എഗ്രിമെന്റിൽ ഏർപ്പെടാൻ സാധിച്ചിരുന്നില്ല. അതിനെത്തുടർന്നാണ് റി-ടെണ്ടർ ചെയ്തത്. ഈ ആഴ്ചതന്നെ ഉത്തരവ് നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(5) ഏറ്റുമാനൂർ ബൈപ്പാസ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, മണർക്കാടുനിന്ന് പുറ്റുമാനൂർ വരെയുള്ള ബൈപ്പാസിന്റെ പണി പലകാരണങ്ങളിൽ, തിരുവഞ്ചൂർ ഭാഗംവരെ പൂർത്തിയായി നിൽക്കുകയാണ്. അതിനുശേഷം പേരൂർ, ഏറ്റുമാനൂർ റിപ്ലേസ്മെന്റ് സർവ്വേയെടുപ്പ് പൂർത്തിയായിട്ട് കാലങ്ങളായി. എന്നിട്ടും ഇതിന്റെ പണി തുടങ്ങാനാവശ്യമായ ഒരു നടപടിയും ഉണ്ടായിട്ടില്ല. ഈ ബൈപ്പാസിന്റെ പണി എത്രയുംവേഗം